# വിപ്ലവങ്ങളുടെ കാലം

2

ആധുനികയുഗത്തിന്റെ ഉദയത്തിനിടയാക്കിയ ആശയങ്ങളേയും പ്രസ്ഥാനങ്ങളേയും പരിചയപ്പെട്ടല്ലോ. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയ്ക്ക് എതിരായ മുന്നേറ്റങ്ങൾക്ക് അവ പ്രചോദനമേകി. സമൂഹത്തിൽ ഇങ്ങനെ ഉണ്ടാകുന്ന അടിസ്ഥാനപരവും സമഗ്രവുമായ മാറ്റത്തെയാണ് പൊതുവെ വിപ്ലവം എന്നു വിളിക്കുന്നത്. ഒരു സമൂഹത്തിലുണ്ടായ വിപ്ലവം മറ്റു സമൂഹങ്ങളെയും ഒരു കാലഘട്ടത്തിലെ വിപ്ലവം പിൽക്കാലഘട്ടങ്ങളെയും സ്വാധീനിക്കാറുണ്ട്. ആധുനികയുഗത്തിൽ യൂറോപ്യൻ വൻകരയിലുണ്ടായ വിപ്ലവങ്ങൾ രാജാധിപത്യത്തിനെതിരെ ഉള്ളവയായിരുന്നു. അവകാശങ്ങളും അവസരങ്ങളും നിഷേധിക്കപ്പെട്ട മധ്യവർഗ്ഗത്തിന്റെ ഉയർച്ചയായിരുന്നു ഈ വിപ്ലവങ്ങളുടെ അടിസ്ഥാനകാരണം. ഇവ യൂറോപ്പിനേയും ലോകജനതയേയും ശക്തമായി സ്വാധീനിക്കുകയും സാമൂഹികസാമ്പത്തികരാഷ്ട്രീയ രംഗങ്ങളിൽ നിരവധി മാറ്റങ്ങൾക്ക് ഇടയാക്കുകയും ചെയ്തു.

## ഇംഗ്ലണ്ടിലെ ആഭ്യന്തരസമരം

യൂറോപ്പിൽ ഫ്യൂഡലിസത്തിന്റെ തകർച്ചയും മധ്യവർഗ്ഗത്തിന്റെ ഉയർച്ചയും നമ്മൾ ചർച്ച ചെയ്തല്ലോ. ഈ മധ്യവർഗ്ഗം രാജാധിപത്യത്തിനെതിരായി ആദ്യ സമരം ചെയ്തത് ഇംഗ്ലണ്ടിലാണ്. പതിനഞ്ചാം നൂറ്റാണ്ടിന്റെ ഒടുക്കം മുതൽ ഇംഗ്ലണ്ടിൽ ഭരണം നടത്തിയിരുന്ന ട്യൂഡർ രാജാക്കന്മാരുടെയും തുടർന്നു വന്ന സ്റ്റുവർട്ട് രാജാക്കന്മാരുടെയും അടിത്തറ പുതുതായി ഉയർന്നുവന്ന വ്യാപാരികളിലായിരുന്നു. എന്നാൽ സ്റ്റുവർട്ട് രാജാക്കന്മാർ ഫ്യൂഡൽ ആശയങ്ങളുടെ വക്താക്കളും പ്രതിനിധികളുമായിരുന്നു. സ്റ്റുവർട്ട് രാജാക്കന്മാരായ ജയിംസ് ഒന്നാമനും ചാൾസ് ഒന്നാമനും രാജാവിന്റെ അധികാരങ്ങൾ ദൈവദത്തമാണെന്ന് ശഠിച്ചു. ഇവർ ഇംഗ്ലീഷ് പാർലമെന്റിനെ വകവയ്ക്കാതെ പാർലമെന്റിന് മേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചു. വ്യാപാരരംഗത്ത് ഇംഗ്ലണ്ട് കൈവരിച്ച മുന്നേറ്റങ്ങളുടെ ഫലമായി അവിടെ ഒരു മധ്യവർഗ്ഗം ഉയർന്നുവരുന്നുണ്ടായിരുന്നു. ലണ്ടൻ ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന കമ്പനികൾ വിദൂരദേശങ്ങളുമായി വ്യാപാരബന്ധം സ്ഥാപിച്ചു. ഉത്പാദനത്തേയും വിതരണത്തേയും ഗതാഗതത്തേയും നിയന്ത്രിച്ചിരുന്ന ഈ വ്യാപാരികൾക്കനുകൂലമായ നിയമങ്ങൾ ഇംഗ്ലീഷ് പാർലമെന്റ് പാസ്സാക്കി. സമ്പന്നരായ ഭൂവുടമകളും വ്യാപാരികളും വിദ്യാസമ്പന്നരായ അഭിഭാഷകരും

ഡോക്ടർമാരും ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന മധ്യവർഗ്ഗത്തിന്റെ താത്പര്യങ്ങളാണ് പാർലമെന്റ് സംരക്ഷിച്ചിരുന്നത്.


ഹെൻറി VII

ഹെൻറി ഏഴാമനാണ് ഇംഗ്ലണ്ടിൽ ട്യൂഡർ ഭരണത്തിന് തുടക്കം കുറിച്ചത്. 1485 മുതൽ 1603 വരെയാണ് ട്യൂഡർ രാജവംശത്തിന്റെ ഭരണം. ഫ്യൂഡൽ പ്രഭുക്കന്മാരുടെ അധികാരങ്ങളെ നിയന്ത്രിച്ച ട്യൂഡർ രാജാക്കന്മാർ പാർലമെന്റുമായി സഹകരിച്ച് ഭരണം നടത്തി. ഇംഗ്ലണ്ടിനെ ആധുനിക യുഗത്തിലേക്ക് നയിച്ച ഈ കാലഘട്ടം നവോത്ഥാനത്തിനും മതനവീകരണപ്രസ്ഥാനത്തിനും സാക്ഷ്യം വഹിച്ചു. 1603 മുതൽ 1714 വരെ സ്റ്റുവർട്ട് രാജവംശം ഇംഗ്ലണ്ടിൽ ഭരണം നടത്തി. 1714 മുതൽ ഹാനോവേറിയൻ രാജവംശമാണ് അവിടെ അധികാരത്തിലുള്ളത്.

പാർലമെന്റ് പാസ്സാക്കിയ ഈ പുതിയ നിയമങ്ങൾ രാജാവും പാർലമെന്റും തമ്മിൽ ദീർഘനാൾ നിലനിന്ന ഭരണഘടനാപരമായ തർക്കങ്ങൾക്ക് കാരണമായി. ഫ്യൂഡൽ താത്പര്യങ്ങൾ സംരക്ഷിക്കുന്ന രാജാവാണോ അതോ മധ്യവർഗ്ഗതാത്പര്യങ്ങൾ സംരക്ഷിക്കുന്ന പാർലമെന്റാണോ ഇംഗ്ലണ്ടിലെ പരമാധികാരി എന്നതായിരുന്നു ഈ തർക്കത്തിന്റെ അടിസ്ഥാന പ്രശ്നം.

രാജാവും പാർലമെന്റും തമ്മിലുള്ള തർക്കത്തിൽ ഇംഗ്ലണ്ടിൽ നിലനിന്നിരുന്ന ആംഗ്ലിക്കൻ സഭയും പുതുതായി രൂപംകൊണ്ട പ്യൂരിട്ടൻ സഭയും ഇരുപക്ഷത്തായി നിലയുറപ്പിച്ചു. സ്റ്റുവർട്ട് രാജാക്കന്മാർ പൊതുവെ കത്തോലിക്കാ വിശ്വാസികളായിരുന്നു. എങ്കിലും ആംഗ്ലിക്കൻ സഭ രാജാധികാരത്തോടൊപ്പം ചേർന്നു നിന്നു.

## ആംഗ്ലിക്കൻ സഭയും പ്യൂരിട്ടൻ സഭയും

*മതനവീകരണത്തിന്റെ ഭാഗമായി കത്തോലിക്കാ സഭയെ ചോദ്യം ചെയ്തുകൊണ്ട് ഇംഗ്ലണ്ടിൽ സ്വതന്ത്രമായ ഒരു സഭ രൂപീകരിക്കാൻ നടപടി സ്വീകരിച്ചത് ഹെൻറി എട്ടാമനായിരുന്നു. കത്തോലിക്കാസഭയുടെ സിദ്ധാന്തങ്ങളെ എതിർത്തുകൊണ്ട് പ്രൊട്ടസ്റ്റന്റ് സഭ ഇംഗ്ലണ്ടിൽ സ്ഥാപിതമാകുന്നത് അദ്ദേഹത്തിന്റെ പുത്രനായ എഡ്വേർഡ് ആറാമന്റെ കാലത്താണ്. ഒരു പ്രത്യേക പ്രാർത്ഥനാപുസ്തകം തയ്യാറാക്കുകയും അത് ആരാധനയ്ക്കായി എല്ലാ ദേവാലയങ്ങളിലും നിർബന്ധമായി ഉപയോഗിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. പിന്നീട് എലിസബത്ത് രാജ്ഞി വാഴ്ചയേറ്റപ്പോൾ ഈ പ്രാർത്ഥനാപുസ്തകത്തെ അടിസ്ഥാനമാക്കിക്കൊണ്ട് എല്ലാവർക്കും സ്വീകാര്യമാവുന്ന ആംഗ്ലിക്കൻ സഭ സ്ഥാപിക്കുകയും ചെയ്തു. ഇത് ഇംഗ്ലണ്ടിന്റെ ഔദ്യോഗികമതമായി. ആംഗ്ലിക്കൻ സഭയിൽ അംഗമല്ലാത്തവർക്ക് ഇംഗ്ലണ്ടിൽ കിരീടാവകാശം ലഭിക്കുകയില്ല.*

*പ്രൊട്ടസ്റ്റന്റ് പരിഷ്കർത്താവായ ജോൺ കാൽവിന്റെ ഇംഗ്ലണ്ടിലെ അനുയായികളാണ് പ്യൂരിട്ടന്മാർ. പുരോഹിതന്മാരേയും മതാധ്യക്ഷനേയും വിശ്വാസികൾ തെരഞ്ഞെടുക്കണമെന്നാണ് പ്യൂരിട്ടൻ സഭ നിഷ്കർഷിച്ചത്. എലിസബത്ത് രാജ്ഞിക്കുശേഷം ശക്തിയാർജ്ജിച്ച പ്യൂരിട്ടന്മാർ 1640-നും 1650-നും ഇടയിലുള്ള കാലം ബ്രിട്ടീഷ് പാർലമെന്റിനുമേൽ ശക്തമായ സ്വാധീനം ചെലുത്തി.*

പ്യൂരിട്ടൻ സഭ പാർലമെന്റിന്റേയും ഇംഗ്ലണ്ടിലെ മധ്യവർഗ്ഗത്തിന്റേയും സ്വതന്ത്രനിലപാടുകളോട് താത്പര്യം കാണിച്ചു. പാർലമെന്റിന്റെ താത്പര്യത്തിന് വിരുദ്ധമായി രാജാക്കന്മാർ പലതരത്തിലുള്ള നികുതികൾ ഏർപ്പെടുത്തുകയും നികുതി വരുമാനം ധൂർത്തമായ ജീവിതത്തിനുവേണ്ടി ചെലവഴിക്കുകയും ചെയ്തു. ഇത് രാജാവും പാർലമെന്റും തമ്മിലുള്ള തർക്കങ്ങളെ മൂർച്ഛിപ്പിച്ചു.



ഇംഗ്ലണ്ടിനെ ഭരണഘടനാപരമായ സംഘർഷത്തിലേക്ക് നയിച്ച വിവിധ വിഭാഗങ്ങളെ കണ്ടെത്തി ഈ പട്ടിക പൂർത്തിയാക്കുക.

| | |
|---|---|
| • രാജാവ് | • |
| • | • മധ്യവർഗ്ഗം |
| • ആംഗ്ലിക്കൻ സഭ | • |

ഇംഗ്ലണ്ടിൽ രാജാവിന്റെ സ്വേച്ഛാധികാരങ്ങളെ നിയന്ത്രിക്കുന്ന 'പെറ്റീഷൻ ഓഫ് റൈറ്റ്' (Petition of Right) എന്ന പ്രമാണത്തിൽ 1628-ൽ ഒപ്പുവെയ്ക്കാൻ ചാൾസ് ഒന്നാമൻ നിർബന്ധിതനായി. അദ്ദേഹം പിന്നീട് ഇത് ലംഘിക്കുകയും പാർലമെന്റ് പിരിച്ചുവിട്ട് പതിനൊന്ന് വർഷം (1629-1640) സ്വേച്ഛാധികാരിയായി ഇംഗ്ലണ്ടിൽ ഭരണം നടത്തുകയും ചെയ്തു. എന്നാൽ സ്കോട്ട്ലൻഡുമായുള്ള യുദ്ധംമൂലം അദ്ദേഹത്തിന് പണത്തിന്റെ ആവശ്യം നേരിട്ടു. പുതിയ നികുതി നിർദ്ദേശങ്ങൾ അംഗീകരിക്കാനായി അദ്ദേഹം 1640-ൽ പാർലമെന്റ് വിളിച്ച് ചേർത്തു. രാജാവിന്റെ ആധിപത്യത്തിനെതിരായി അനേകം നിയമങ്ങൾ നിർമ്മിച്ച ഈ പാർലമെന്റ് 1660 വരെ തുടർന്നു. ഇത് 'നീണ്ട പാർലമെന്റ്' (Long Parliament) എന്നറിയപ്പെട്ടു. കാലക്രമത്തിൽ പാർലമെന്റും രാജാവും തമ്മിലുള്ള ബന്ധം കൂടുതൽ വഷളാവുകയും അത് ഇംഗ്ലണ്ടിനെ ഒരു ആഭ്യന്തരയുദ്ധത്തിലേക്ക് നയിക്കുകയും ചെയ്തു. ഈ സമരത്തിൽ


'പെറ്റീഷൻ ഓഫ് റൈറ്റ്' - ആമുഖപേജ്

രാജാവിന്റെ സൈന്യത്തെ പരാജയപ്പെടുത്തിക്കൊണ്ട് പാർലമെന്റ് വിഭാഗം വിജയം നേടി. ഒലിവർ ക്രോംവെൽ അധികാരത്തിൽ വന്നു. തന്നെ എതിർത്ത മെമ്പർമാരെ അദ്ദേഹം പാർലമെന്റിൽ നിന്നു പുറത്താക്കി. ക്രോംവെല്ലിന്റെ അനുയായികൾ മാത്രമാണ് പാർലമെന്റിൽ പിന്നീടുണ്ടായിരുന്നത്. ഇത് റംപ് പാർലമെന്റ് (Rump Parliament) അഥവാ 'അവശിഷ്ട പാർലമെന്റ്' എന്നറിയപ്പെട്ടു. ചാൾസ് ഒന്നാമനെ റംപ് പാർലമെന്റ് വിചാരണ ചെയ്ത് വധശിക്ഷയ്ക്ക് വിധേയനാക്കി.

ഒലിവർ ക്രോംവെല്ലിന്റെ നേതൃത്വത്തിലുള്ള ഭരണം 'കോമൺവെൽത്ത്' കാലഘട്ടം എന്നറിയപ്പെടുന്നു. ഈ കാലഘട്ടം (1649-1658) സൈനികസ്വേച്ഛാധിപത്യത്തിന്റെ കാലഘട്ടമായിരുന്നു. ബ്രിട്ടനിൽ ആഭ്യന്തരയുദ്ധം അവസാനിപ്പിച്ചുവെങ്കിലും പാർല


ഒലിവർ ക്രോംവെൽ

മെന്റിന് മേൽ ആധിപത്യം സ്ഥാപിച്ചുകൊണ്ടായിരുന്നു അദ്ദേഹം ഭരണം നടത്തിയത്. ശാസ്ത്രനിരീക്ഷണങ്ങളും പരീക്ഷണങ്ങളും ഈ കാലഘട്ടത്തിൽ പ്രോത്സാഹിപ്പിക്കപ്പെട്ടു. ആഗോള വ്യാപാരത്തെ നിയന്ത്രിച്ചിരുന്നത് ബ്രിട്ടീഷ് വ്യാപാരികളായിരുന്നു. എന്നാൽ ഈ സൈനികസ്വേച്ഛാധിപത്യം അംഗീകരിക്കാത്ത ജനങ്ങൾ കിരീടം ധരിച്ച് രാജവാഴ്ച പുനഃസ്ഥാപിക്കാൻ ക്രോംവെല്ലിനോട് ആവശ്യപ്പെട്ടു. എന്നാൽ അദ്ദേഹം അതു നിരാകരിച്ചു.

### കോമൺവെൽത്ത്

*ഒലിവർ ക്രോംവെല്ലിന്റെ കോമൺവെൽത്ത് ഇന്നത്തെ കോമൺവെൽത്തിൽ നിന്നും വ്യത്യസ്തമാണ്. ബ്രിട്ടനും ബ്രിട്ടന്റെ കോളനികളായിരുന്ന രാജ്യങ്ങളും ചേർന്ന് ലണ്ടൻ ആസ്ഥാനമായുള്ള പ്രസ്ഥാനമാണ് ആധുനിക കോമൺവെൽത്ത്.*

ഒലിവർ ക്രോംവെല്ലിനുശേഷം ചാൾസ് രണ്ടാമന്റെ കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ രാജവാഴ്ച പുനഃസ്ഥാപിക്കപ്പെട്ടു. അദ്ദേഹത്തെ തുടർന്ന് അധികാരത്തിൽ വന്ന ജയിംസ് രണ്ടാമൻ കൈക്കൊണ്ട സ്വേച്ഛാപരമായ നടപടികൾ രാജാവും പാർലമെന്റുമായി വീണ്ടും തർക്കങ്ങൾക്കിടയാക്കി. 1688-ൽ അദ്ദേഹം ഫ്രാൻസിൽ അഭയം തേടി. തുടർന്ന് ജെയിംസ് രണ്ടാമന്റെ മകളായ മേരിയേയും

ഭർത്താവ് ഓറഞ്ചിലെ വില്ല്യമിനേയും ഇംഗ്ലണ്ടിലെ ഭരണാധികാരികളായി പാർലമെന്റ് പ്രഖ്യാപിച്ചു. ഇംഗ്ലണ്ടിൽ രാജാവിന്റെ സ്വേച്ഛാധിപത്യം അവസാനിപ്പിച്ച് പാർലമെന്റിന്റെ നിയന്ത്രണത്തിലുള്ള രാജവാഴ്ച്ചയ്ക്ക് ഇത് തുടക്കം കുറിച്ചു. ഈ അധികാര കൈമാറ്റം രക്തരഹിതവിപ്ലവം (Bloodless Revolution) അഥവാ മഹത്തായ വിപ്ലവം എന്നറിയപ്പെടുന്നു. ഇതോടെ ഇംഗ്ലണ്ടിൽ ഫ്യൂഡൽ വ്യവസ്ഥ ദുർബ്ബലമാവുകയും രാജാധികാരം പാർലമെന്റിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമാവുകയും ചെയ്തു.

രാജഭരണത്തിനുമേൽ പാർലമെന്റിന്റെ നിയന്ത്രണം നടപ്പിലാക്കിയത് പുതുതായി നിർമ്മിച്ച നിയമങ്ങളുടെ ഒരു പരമ്പരയിലൂടെയായിരുന്നു. ഇതിൽ സുപ്രധാനമായത് 1689-ലെ അവകാശ നിയമം (Bill of Rights) ആയിരുന്നു. തുടർന്ന് ഇംഗ്ലണ്ടിൽ മതസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം എന്നിവ അനുവദിക്കപ്പെട്ടു. എന്നാൽ ആംഗ്ലിക്കൻ മതവിശ്വാസികൾക്ക് മാത്രമേ കിരീടാവകാശി ആകാൻ കഴിയുമായിരുന്നുള്ളൂ. ഈ നടപടികൾകൊണ്ട് ഇംഗ്ലണ്ടിൽ ജനാധിപത്യഭരണക്രമം നടപ്പിലായില്ലെങ്കിലും ജനങ്ങൾക്ക് സ്വാതന്ത്ര്യവും പാർലമെന്റിന് പരമാധികാരവും ലഭിച്ചു. അതുകൊണ്ടാണ് ഇംഗ്ലണ്ടിൽ രാജഭരണം നിലനിൽക്കുന്നുവെങ്കിലും രാജാവ് ഭരിക്കുന്നില്ല എന്ന് പറയുന്നത്.



പെറ്റീഷൻ ഓഫ് റൈറ്റിൽ നിന്ന് ബിൽ ഓഫ് റൈറ്റ്സ് നിയമത്തിലെത്തുമ്പോഴേയ്ക്കും രാജവാഴ്ച്ചയ്ക്ക് വന്ന മാറ്റങ്ങളെന്ത്? ഇതിൽ കോമൺവെൽത്ത് കാലഘട്ടം എന്തു സ്വാധീനമാണ് ഉണ്ടാക്കിയത്? പരിശോധിക്കുക.

## ഫ്രഞ്ച് വിപ്ലവം

സ്വേച്ഛാധിപത്യരാജവാഴ്ച്ചയ്ക്കും ഫ്യൂഡൽ വ്യവസ്ഥയ്ക്കുമെതിരെ 1789-ൽ ഫ്രാൻസിൽ നടന്ന വിപ്ലവമായിരുന്നു ഫ്രഞ്ച് വിപ്ലവം. നൂറ്റാണ്ടുകളായി ഫ്രാൻസിൽ നിലനിന്നിരുന്ന ഫ്യൂഡൽ സമ്പ്രദായത്തിന് ഇതോടെ വിരാമമായി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങളുടെ അടിസ്ഥാനത്തിൽ സമൂഹത്തെ പുനഃസൃഷ്ടിക്കുക എന്നതായിരുന്നു ഫ്രഞ്ചുവിപ്ലവത്തിന്റെ ലക്ഷ്യം.

### എസ്റ്റേറ്റുകൾ മൂന്ന്

രാജാക്കന്മാരുടെ സ്വേച്ഛാധിപത്യത്തിനെതിരായ സമരം എന്നതുപോലെ ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹ്യ അസമത്വത്തിനും എതിരായ വിപ്ലവമായിരുന്നു ഫ്രഞ്ച് വിപ്ലവം. ഭരണം, നീതിന്യായം, സൈന്യം തുടങ്ങി പൊതുജീവിതത്തിന്റെ എല്ലാ മേഖലകളിലും അസമത്വം പ്രകടമായിരുന്നു. ഫ്രഞ്ച് സമൂഹത്തെ മൂന്ന് എസ്റ്റേറ്റുകളായി തിരിച്ചിരുന്നു. ഒന്നാമത്തെ എസ്റ്റേറ്റിൽ പുരോഹിതന്മാരും രണ്ടാമത്തെ എസ്റ്റേറ്റിൽ പ്രഭുക്കന്മാരുമായിരുന്നു ഉണ്ടായിരുന്നത്. കച്ചവടക്കാർ, പണമിടപാടുകാർ, ഉദ്യോഗസ്ഥർ, അഭിഭാഷകർ, ഡോക്ടർമാർ, അധ്യാപകർ മുതലായവർ മൂന്നാമത്തെ എസ്റ്റേറ്റിലായിരുന്നു. ഒന്നും രണ്ടും എസ്റ്റേറ്റുകൾ എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും അനുഭവിച്ചു. എന്നാൽ മൂന്നാമത്തെ എസ്റ്റേറ്റിന് അവകാശങ്ങൾ ഒന്നുമുണ്ടായിരുന്നില്ലെന്നതിനുപുറമേ അവർക്ക് വിവിധ തരത്തിലുള്ള ഫ്യൂഡൽ നികുതികളുടെ വൻഭാരം ചുമക്കേണ്ടിവരുകയും ചെയ്തു.

പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലും ഫ്യൂഡൽ സമ്പ്രദായമായിരുന്നു ഫ്രാൻസിൽ നിലനിന്നിരുന്നത്. ബഹുഭൂരിപക്ഷം പ്രഭുക്കന്മാരും തങ്ങളുടെ ഭൂമിയിൽ കഴിഞ്ഞിരുന്ന കർഷകരുടെ അദ്ധ്വാനഫലം ചൂഷണം ചെയ്ത് ജീവിക്കുന്നവരായിരുന്നു. ആഴ്ചയിൽ മൂന്നും നാലും ദിവസത്തേയ്ക്ക് കൂലി കൊടുക്കാതെ കർഷകരെക്കൊണ്ട് പണിയെടുപ്പിക്കുന്നതിനുള്ള അവകാശം പ്രഭുക്കന്മാർക്കുണ്ടായിരുന്നു. കർഷകർ സ്വന്തമായി കൃഷി ചെയ്തുണ്ടാക്കുന്ന ധാന്യങ്ങൾ ജന്മിമാരുടെ മില്ലിൽ പൊടിപ്പിക്കണമെന്നും അതിന് നിശ്ചിതകരം പ്രഭുവിന് നൽകണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. റോഡുകൾ, പാലങ്ങൾ എന്നിവയിന്മേൽ ചുങ്കം പിരിക്കുന്നതിനും വിളവെടുപ്പ് കാലത്ത് കർഷകരിൽ നിന്ന് കരം പിരിക്കുന്നതിനുമുള്ള അവകാശം പ്രഭുക്കന്മാർക്കുണ്ടായിരുന്നു. സൈനികസേവനം മാത്രമായിരുന്നു അവർ രാജ്യത്തിനുവേണ്ടി ചെയ്തത്. കൃഷിക്ക് യോഗ്യമായ ഭൂമിയുടെ ഭൂരിഭാഗവും രാജാവും പ്രഭുക്കന്മാരും ക്രൈസ്തവസഭയും ചേർന്ന് സ്വന്തമാക്കി. ഉയർന്ന പദവിയിലുള്ള പുരോഹിതന്മാർ ധൂർത്തും ഉല്ലാസവും നിറഞ്ഞ ജീവിതമാണ് നയിച്ചിരുന്നത്. എന്നാൽ സാധാരണക്കാരായ പുരോഹിതന്മാരുടെ സ്ഥിതി ഇതിൽ നിന്ന് തികച്ചും ഭിന്നമായിരുന്നു. ദാരിദ്ര്യംമൂലം കഷ്ടപ്പെട്ട അവർ ഒന്നും രണ്ടും എസ്റ്റേറ്റുകൾക്കെതിരായ പോരാട്ടത്തിൽ മൂന്നാമത്തെ എസ്റ്റേറ്റിനോടൊപ്പം ചേർന്നു.



"പ്രഭുക്കന്മാർ പൊരുതും, പുരോഹിതന്മാർ പ്രാർത്ഥിക്കും, ജനങ്ങൾ നികുതിയടയ്ക്കും" (Nobles fight, clergy pray and commons pay) ഫ്രാൻസിൽ നിലനിന്നിരുന്ന അസമത്വത്തെ വെളിവാക്കുന്ന ഒരു പ്രസ്താവനയാണിത്. ഈ പ്രസ്താവനയും ചിത്രവും വിശകലനം ചെയ്ത് ഫ്രാൻസിൽ നിലനിന്ന സാമൂഹ്യാവസ്ഥ വിപ്ലവത്തെ എങ്ങനെ സഹായിച്ചുവെന്ന് കണ്ടെത്തുക.



ഒന്നും രണ്ടും എസ്റ്റേറ്റുകളെ പേറുന്ന മൂന്നാം എസ്റ്റേറ്റിലെ സാധാരണക്കാരൻ

## ഫ്രാൻസിലെ മധ്യവർഗ്ഗം

വാണിജ്യം, വ്യവസായം, പണമിടപാട് എന്നിവയിലുണ്ടായ പുരോഗതി ഫ്രാൻസിൽ നഗരങ്ങളുടെ ആവിർഭാവത്തിന് വഴിയൊരുക്കി. ഇവിടെ വ്യാപാരികളും ബാങ്കർമാരും അഭിഭാഷകരും ഡോക്ടർമാരും അടങ്ങുന്ന ധനികരും വിദ്യാസമ്പന്നരുമായ ഒരു മധ്യവർഗ്ഗം ഉയർന്നുവന്നു. നഗരവാസി എന്നർത്ഥമുള്ള ബൂർഷ്വാസി എന്നറിയപ്പെട്ട ഇവർ ഫ്രാൻസിൽ നിലനിന്നിരുന്ന ഉച്ചനീചത്വങ്ങളിൽ അസംതൃപ്തരായിരുന്നു. സമ്പത്തിന്റെ ഉത്പാദനത്തിലും ഉടമസ്ഥതയിലും നിർണ്ണായകമായ സ്ഥാനം വഹിച്ചിരുന്ന ഇവർക്ക് ഭരണത്തിൽ അർഹിക്കുന്ന പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഭരണഘടനാനുസൃതമായി തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുക അസാധ്യമാണെന്ന് മനസിലാക്കിയ ഈ വിഭാഗം നിലനിൽക്കുന്ന ഭരണവ്യവസ്ഥ മാറ്റിമറിച്ച് ഫ്രാൻസിനെ വിപ്ലവത്തിലേക്ക് നയിക്കാൻ പ്രവർത്തിച്ചു.

### ബൂർഷ്വാസി (Bourgeoisie)

*ഫ്രഞ്ചു ഭാഷയിലെ ബൂർഷ്വാ എന്ന പദത്തിൽ നിന്നാണ് ബൂർഷ്വാസി എന്ന പദം രൂപം കൊണ്ടത്. ബൂർഷ്വാ എന്ന വാക്കിനർത്ഥം 'നഗരവാസി' എന്നാണ്. ഭൂവുടമകളും അടിയാന്മാരും എന്ന രീതിയിൽ സമൂഹം രണ്ടായിത്തിരിഞ്ഞിരുന്ന ഫ്യൂഡൽ കാലഘട്ടത്തിൽ ഇരുവർക്കുമിടയിൽ കച്ചവടക്കാരുടെ ഒരു പുതിയ വർഗ്ഗം ഉയർന്നുവന്നു. ഈ മധ്യവർഗ്ഗത്തെയാണ് ബൂർഷ്വാ എന്നു വിളിച്ചിരുന്നത്. ഇവരുടെ പിൻമുറക്കാർ വ്യാപാരത്തിലൂടെയും കടൽക്കൊള്ളയിലൂടെയും നേടിയ സമ്പത്തുപയോഗിച്ച് വ്യവസായശാലകൾ ആരംഭിച്ചു. ഇവരായിരുന്നു മുതലാളിത്ത വ്യവസ്ഥയുടെ സ്ഥാപകർ.*

## ചിന്തകരുടെ സ്വാധീനം

യുക്തിബോധത്തിലൂന്നിയ ജ്ഞാനോദയത്തിന്റെ ആവിർഭാവത്തെ പരിചയപ്പെട്ടല്ലോ. ഉയർന്നുവരുന്ന ബൂർഷ്വാസിയുടെ പ്രതിനിധികളായിരുന്നു അതിന്റെ വക്താക്കൾ. ഫ്രാൻസിൽ ഫ്യൂഡൽ വ്യവസ്ഥിതിക്കെതിരെ പോരാടാൻ കർഷകർക്കും മധ്യവർഗ്ഗത്തിനും പ്രചോദനമേകിയത് ജ്ഞാനോദയ ചിന്തകരായിരുന്നു. 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു; എന്നാൽ എല്ലായിടത്തും അവൻ ചങ്ങലക്കെട്ടിലാണ്' എന്ന റൂസ്സോവിന്റെ വാക്കുകൾ ഫ്രാൻസിനെ അതിതീവ്രതയോടെ വിപ്ലവത്തിലേക്കടുപ്പിച്ചു. സമൂഹത്തിന്റെ അഭിവൃദ്ധിക്കായി ജനങ്ങൾ ഏർപ്പെട്ട ഒരു കരാറിന്റെ ഫലമാണ് രാഷ്ട്രം എന്ന് വാദിച്ച റൂസ്സോവിന്റെ 'സാമൂഹിക ഉടമ്പടി' (Social Contract) എന്ന ഗ്രന്ഥം ഫ്രഞ്ച് ജനതയെ ശക്തമായി സ്വാധീനിച്ചു. അതുപോലെ വോൾത്തെയർ, മൊണ്ടെസ്ക്യൂ തുടങ്ങിയ ചിന്തകരും നിലവിലിരുന്ന വ്യവസ്ഥയെ ചോദ്യം ചെയ്തു. പള്ളിയേയും പുരോഹിതന്മാരേയും നിശിതമായി വിമർശിച്ച വോൾത്തെയർ ജനങ്ങളെ ഏറെ സ്വാധീനിച്ചു. ഭരണകൂടത്തിന്റെ നിയന്ത്രണങ്ങളില്ലാത്ത സ്വതന്ത്രമായ സാമ്പത്തികപ്രവർത്തനങ്ങൾക്കായി വാദിച്ച ഫിസിയോക്രാറ്റുകളും (Pshysiocrats) വിപ്ലവത്തിനനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചു.

## രാജാക്കന്മാരുടെ സ്വേച്ഛാധിപത്യം

എല്ലാ അധികാരങ്ങളും കൈയടക്കിയ ഫ്രാൻസിലെ ബൂർബൺ രാജാക്കന്മാർ ധൂർത്തന്മാരും സുഖലോലുപരുമായിരുന്നു. രാജാധികാരം ദൈവദത്തമാണെന്ന നിലയ്ക്ക് അവർ പെരുമാറി. സ്വന്തം അധികാരപരിധി വർദ്ധിപ്പിക്കാൻ അവർ നടത്തിയ

യുദ്ധങ്ങൾ ഫ്രാൻസിന്റെ സാമ്പത്തികസ്ഥിതിയെ സാരമായി ബാധിച്ചു. രാജാധികാരത്തിനെതിരായ എല്ലാ എതിർപ്പുകളേയും അവർ മൃഗീയമായി അമർച്ച ചെയ്തു. ലൂയി പതിനാലാമന്റെ ഭരണകാലഘട്ടത്തിൽ ഫ്രാൻസിലെ സ്വേച്ഛാധിപത്യം അതിന്റെ പാരമ്യത്തിലെത്തി. അദ്ദേഹത്തിന്റെ ഭരണാന്ത്യത്തോടെ ഫ്രാൻസ് വൻ സാമ്പത്തികത്തകർച്ചയെ നേരിടാൻ തുടങ്ങി. എന്നാൽ ഈ സാമ്പത്തികപ്രതിസന്ധി ഫലപ്രദമായി നേരിടാൻ അദ്ദേഹത്തിന്റെ പിൻഗാമികൾക്കായില്ല. ലൂയി പതിനാറാമന്റെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ സമർത്ഥനായ മന്ത്രി ട്യൂർഗോ (Turgot) അനേകം ചെലവ് ചുരുക്കൽ പദ്ധതികൾ നടപ്പിലാക്കുകയും കൃഷിക്കും വ്യാപാരത്തിനും പ്രോത്സാഹനം നൽകുകയും ചെയ്തു. ഫ്രാൻസിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞുവെങ്കിലും ട്യൂർഗോ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ അധികാരത്തിൽനിന്ന് പുറത്താക്കപ്പെട്ടു. തുടർന്ന് ഫ്രാൻസിലെ പ്രസിദ്ധ ബാങ്കറായിരുന്ന നെക്കർ (Necker) അധികാരമേറ്റെടുത്തു. പുരോഗമനപരമായ നടപടികളിലൂടെ അദ്ദേഹം ഫ്യൂഡൽ പ്രഭുക്കന്മാരെ ശത്രുക്കളാക്കി. ട്യൂർഗോയും നെക്കറും നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ ഫ്രാൻസിലെ മധ്യവർഗ്ഗത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ചുള്ളതായിരുന്നു. ഇതാണ് പ്രഭുവർഗ്ഗത്തിന്റെ എതിർപ്പിനിടയാക്കിയത്. നെക്കർ പുറത്താക്കപ്പെട്ടതോടെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായി. അതിനെ മറികടക്കാൻ പുതിയ നികുതിനിർദ്ദേശങ്ങൾ അവതരിപ്പിക്കാനായി 1789-ൽ ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്റായ എസ്റ്റേറ്റ്സ് ജനറൽ വിളിച്ച് ചേർത്തു. 1614-ൽ ആണ് ഇതിന് മുമ്പ് എസ്റ്റേറ്റ്സ് ജനറൽ സമ്മേളിച്ചത്.

## ദേശീയ അസംബ്ലി

ഓരോ എസ്റ്റേറ്റിനും ഓരോ വോട്ട് എന്നതായിരുന്നു എസ്റ്റേറ്റ്സ് ജനറലിൽ നിലനിന്നിരുന്ന വോട്ടിംഗ് രീതി. മൂന്ന് എസ്റ്റേറ്റുകളും ഒന്നിച്ച് സമ്മേളിച്ചില്ലെങ്കിൽ പ്രഭുക്കന്മാരുടെയും പുരോഹിതന്മാരുടെയും ഉപരിസഭകൾ സംയുക്തമായി തങ്ങളെ പരാജയപ്പെടുത്തും എന്ന് മൂന്നാമത്തെ എസ്റ്റേറ്റായ കോമൺസിലെ പ്രതിനിധികൾക്ക് ബോധ്യപ്പെട്ടു. തുടർന്ന് മൂന്ന് സഭകളും ഒന്നിച്ച് ചേരണമെന്നും ഒരു എസ്റ്റേറ്റിന് ഒരു വോട്ട് എന്നതിന് പകരം ഒരാൾക്ക് ഒരു വോട്ട് എന്ന തത്ത്വത്തിൽ സഭാനടപടികൾ നടത്തണമെന്നും അവർ ആവശ്യപ്പെട്ടു. എന്നാൽ ഈ ആവശ്യത്തെ മറ്റ് രണ്ട് എസ്റ്റേറ്റുകൾ എതിർത്തു. തുടർന്ന് കോമൺസ് 'ദേശീയ അസംബ്ലി'യെന്ന് സ്വയം നാമകരണം ചെയ്ത് അടുത്തുള്ള ഒരു ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു. അവർ ഫ്രാൻസിന് ഒരു ഭരണഘടന തയ്യാറാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി.



### ടെന്നീസ് കോർട്ട് പ്രതിജ്ഞ

*ദേശീയ അസംബ്ലിയെന്ന് സ്വയം നാമകരണം ചെയ്ത മൂന്നാമത്തെ എസ്റ്റേറ്റ് 1789 ജൂൺ 20-ന് എസ്റ്റേറ്റ് ജനറൽ സമ്മേളിക്കാറുള്ള ഹാളിലേക്ക് വന്നപ്പോൾ അത് പൂട്ടിയിട്ടിരിക്കുകയായിരുന്നു. തുടർന്ന് അവർ അടുത്തുള്ള ഒരു ടെന്നീസ് കോർട്ടിൽ സമ്മേളിക്കുകയും ഫ്രാൻസിന് ഒരു ഭരണഘടന തയ്യാറാക്കുന്നതുവരെ തിരികെ പോകില്ല എന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്തു. 'ടെന്നീസ് കോർട്ട് പ്രതിജ്ഞ' എന്നറിയപ്പെടുന്ന ഈ സംഭവം ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കാം.*

## ബാസ്തീയിന്റെ പതനം

ദേശീയ അസംബ്ലിയിലെ നേതാക്കൾ ഉടൻ തന്നെ അറസ്റ്റ് ചെയ്യപ്പെടും എന്ന തരത്തിലുള്ള ധാരാളം കിംവദന്തികളും തെറ്റായ വാർത്തകളും ഈ സമയത്ത് പാരീസിൽ പ്രചരിച്ചു. വമ്പിച്ച ജനപിന്തുണയോടെ രൂപീകരിക്കപ്പെട്ട ദേശീയ അസംബ്ലിയെ തകർക്കാൻ ശ്രമിക്കുന്നതായുള്ള ഇത്തരം വാർത്തകൾ കഠിനമായ ഭക്ഷ്യദൗർലഭ്യത്താൽ വലഞ്ഞിരുന്ന ജനങ്ങളെ പ്രകോപിപ്പിച്ചു. അവർ 1789 ജൂലൈ 14-ന് പാരീസിൽ സ്ഥിതി ചെയ്തിരുന്ന ബാസ്തിയ് (Bastille) കോട്ട പിടിച്ചെടുത്ത് തകർത്തു. രാജാധിപത്യത്തിന്റെ പ്രതീകമായിരുന്ന ഈ കോട്ടയുടെ



ബാസ്തീയിന്റെ തകർച്ച

പതനം നടന്ന ജൂലൈ 14 ഫ്രാൻസിന്റെ ദേശീയ ദിനമായി ആചരിക്കപ്പെടുന്നു. തുടർന്ന് ദേശീയ അസംബ്ലി ഭരണഘടനാ നിർമ്മാണസഭ എന്ന് സ്വയം നാമകരണം ചെയ്തുകൊണ്ട് ഫ്രാൻസിന് ഒരു ഭരണഘടന തയ്യാറാക്കി. ഈ ഭരണഘടനയുടെ ആമുഖം റൂസ്സോവിന്റെ ആശയങ്ങളുടെ പ്രതിഫലനമായ 'മനുഷ്യാവകാശ പ്രഖ്യാപനം' എന്ന പ്രമാണമായിരുന്നു. *എല്ലാ മനുഷ്യരും തുല്യരും സ്വതന്ത്രരുമാണ്. ജനങ്ങളാണ് പരമാധികാരികൾ. ജനങ്ങളുടെ താത്പര്യത്തിന്റെ പ്രതിഫലനമാണ് നിയമങ്ങൾ. ജനങ്ങൾ നേരിട്ടോ തങ്ങളുടെ പ്രതിനിധികളിലൂടെയോ അതിൽ പങ്കാളികളാകുന്നു* എന്നൊക്കെ മനുഷ്യാവകാശ പ്രഖ്യാപനം ലോകത്തോട് വിളംബരം ചെയ്തു. ജനാഭിലാഷം ഉൾക്കൊണ്ട് നിരവധി നിയമനിർമ്മാണങ്ങൾ നടത്താനും ഈ കാലഘട്ടത്തിൽ ദേശീയ അസംബ്ലിക്ക് കഴിഞ്ഞു. ഈ നിയമങ്ങൾ വഴി ഫ്രാൻസിൽ ഭരണപരവും സാമ്പത്തികവും മതപരവുമായ രംഗങ്ങളിൽ അനേകം പരിഷ്ക്കാരങ്ങൾ നിലവിൽ വന്നു.



ബാസ്തീയ് കോട്ട ഫ്രഞ്ച് ജനതയുടെ പ്രതിഷേധത്തിന് ഇരയായത് എന്തുകൊണ്ടാണ്? തൊഴിലാളികളും സാധാരണക്കാരും ഈ വിപ്ലവത്തിൽ ആവേശത്തോടെ പങ്കാളികളാകാൻ കാരണമെന്ത്? ചർച്ച ചെയ്യുക.

## ദേശീയ അസംബ്ലിയുടെ പരിഷ്ക്കാരങ്ങൾ

- ഫ്രാൻസിലാകമാനം ഏകരൂപമായ ഒരു ഭരണവ്യവസ്ഥ ഏർപ്പെടുത്തി.
- ക്രൈസ്തവസഭ ഭരണകൂടത്തിന്റെ നിയന്ത്രണത്തിലായി.
- സഭയുടെ ഭൂസ്വത്ത് ദേശസാൽക്കരിച്ചു.
- എല്ലാ വിഭാഗങ്ങൾക്കും തുല്യനികുതി ചുമത്തി.
- പ്രഭുക്കന്മാരുടെ പ്രത്യേക അവകാശങ്ങൾ നിർത്തലാക്കി.
- ഫ്യൂഡലിസം നിർമ്മാർജ്ജനം ചെയ്തു.
- ഭരണഘടനാവിധേയമായ രാജവാഴ്ച നിലവിൽ വന്നു.


പുതിയ ഭരണഘടന പ്രകാരം ഒരു നിയമനിർമ്മാണസഭ ഉണ്ടായി. അതിവിപ്ലവകരമായ ആശയങ്ങളുടെ വക്താക്കളായിരുന്ന ജാക്കോബിനുകളും മിതവാദികളായ ജിറോണ്ടിസ്റ്റുകളും ആയിരുന്നു ഇതിലെ പ്രധാന കക്ഷികൾ. ഭരണഘടനാവിധേയമായ രാജവാഴ്ചയ്ക്ക് പകരം റിപ്പബ്ലിക്കൻ ഭരണരീതിയോടായിരുന്നു ജാക്കോബിനുകൾ താത്പര്യം പ്രകടിപ്പിച്ചത്. 1792-ൽ ദേശീയ കൺവെൻഷൻ എന്നറിയപ്പെടുന്ന പുതിയ നിയമനിർമ്മാണസഭ സമ്മേളിച്ച് ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. രാജവാഴ്ചയെ ഒഴിവാക്കിക്കൊണ്ടുള്ള ഭരണരീതി എന്നതായിരുന്നു റിപ്പബ്ലിക് എന്നതുകൊണ്ട് അവർ ഉദ്ദേശിച്ചിരുന്നത്. തുടർന്ന് രാജ്യദ്രോഹക്കുറ്റം ചുമത്തി ജാക്കോബിനുകളുടെ നേതൃത്വത്തിൽ ലൂയി പതിനാറാമനേയും പത്നിയേയും വധശിക്ഷയ്ക്ക് വിധേയരാക്കി.

ലൂയി പതിനാറാമന്റെ വധത്തെ തുടർന്ന് പല അയൽരാജ്യങ്ങളും ഫ്രാൻസിനോട് യുദ്ധം പ്രഖ്യാപിച്ചു. തുടർന്ന് ഫ്രാൻസിൽ പലയിടങ്ങളിലും ആഭ്യ




ഫ്രാൻസ് ഒരു റിപ്പബ്ലിക് ആയി മാറുന്നതിന് മധ്യവർഗ്ഗത്തിന്റെ ഉയർച്ച എങ്ങനെ കാരണമായി എന്ന് പരിശോധിക്കുക.


ലൂയി പതിനാറാമന്റെ വധശിക്ഷ


ഗില്ലറ്റിൻ

ന്തരകലാപങ്ങൾ പൊട്ടിപുറപ്പെട്ടു. ഈ സ്ഥിതിവിശേഷത്തെ നേരിടാൻ ഒരു പൊതുരക്ഷാസമിതിക്ക് രൂപം നൽകി. ഇതിന്റെ തലവനായി റോബസ്പിയർ (Robespierre) കടന്നുവന്നതോടെ വിപ്ലവഭരണകൂടത്തിന് അതിന്റെ ജനകീയ സ്വഭാവം നഷ്ടപ്പെട്ടു. ഇത് ഫ്രാൻസിൽ ഭീകരവാഴ്ച്ചയ്ക്ക് തുടക്കം കുറിച്ചു. തന്നെ എതിർത്ത ജനങ്ങളേയും വിപ്ലവകാരികളേയും ഗില്ലറ്റിൻ എന്ന യന്ത്രം ഉപയോഗിച്ച് അദ്ദേഹം നിഷ്ക്കരുണം കൂട്ടക്കൊല ചെയ്തു. രോഷാകുലരായ ജനങ്ങൾ ഒടുവിൽ റോബസ്പിയറെ ഗില്ലറ്റിന് ഇരയാക്കിയതോടെ ഭീകരവാഴ്ച അവസാനിച്ചു. തുടർന്ന് വിദേശ ആക്രമണങ്ങളെ ഫ്രഞ്ച് സൈന്യം പരാജയപ്പെടുത്തി. ദേശീയ കൺവെൻഷൻ പുതിയൊരു ഭരണഘടനയ്ക്ക് രൂപം നൽകി. ഈ ഭരണഘടനപ്രകാരം ഒരു ദ്വിമണ്ഡലനിയമനിർമ്മാണസഭ നിലവിൽ വന്നു. ഇതിന്റെ കാര്യനിർവ്വഹണാധികാരം അഞ്ച് ഡയറക്ടർമാർ അടങ്ങുന്ന ഡയറക്ടറി എന്ന സമിതിക്കായിരുന്നു. പരിമിതമായ അധികാരങ്ങൾ മാത്രമുണ്ടായിരുന്ന ഡയറക്ടറിക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല. തുടർന്ന് 1799-ൽ ഡയറക്ടറിയെ പുറത്താക്കിക്കൊണ്ട് നെപ്പോളിയൻ ബോണപ്പാർട്ട് അധികാരം പിടിച്ചെടുത്തു.

## ടിപ്പു സുൽത്താനും ഫ്രഞ്ച് വിപ്ലവവും


ടിപ്പുസുൽത്താൻ

*ഫ്രഞ്ച് വിപ്ലവം ലോകത്തെ മുഴുവൻ സ്വാധീനിച്ചു. ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം മൈസൂരിലെ ഭരണാധികാരിയായിരുന്ന ടിപ്പുസുൽത്താനിലൂടെയാണ് ഇന്ത്യയിൽ പ്രകടമായത്. ഫ്രഞ്ച് വിപ്ലവാശയങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അദ്ദേഹം തന്റെ തലസ്ഥാനമായ ശ്രീരംഗപട്ടണത്ത് സ്വാതന്ത്ര്യത്തിന്റെ മരം (Tree of Liberty) നട്ടു. വിപ്ലവകാലത്ത് ഫ്രാൻസിൽ രൂപം കൊണ്ട ജാക്കോബിൻ ക്ലബ്ബിൽ അംഗമായി.*

## നെപ്പോളിയൻ

ഫ്രഞ്ച്വിപ്ലവം നിർമ്മാർജ്ജനം ചെയ്ത അധികാരവ്യവസ്ഥയേയും സാമൂഹ്യഘടനയേയും ഫ്രാൻസിൽ തിരികെ കൊണ്ടുവരാനും ഈ വിപ്ലവത്തിന്റെ നേട്ടങ്ങളെ ഇല്ലായ്മ ചെയ്യാനും ഇംഗ്ലണ്ടിന്റെ നേതൃത്വത്തിൽ മറ്റ് യൂറോപ്യൻ രാഷ്ട്രങ്ങൾ ശ്രമിച്ചു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾക്ക് ഫ്രാൻസിലുണ്ടായ വിജയം അവരെ ഭയപ്പെടുത്തി. ഇംഗ്ലണ്ടിന് പുറമേ ആസ്ട്രിയ, റഷ്യ, പ്രഷ്യ എന്നീ രാജ്യങ്ങളടങ്ങുന്ന സഖ്യശക്തികളെ നെപ്പോളിയൻ പരാജയപ്പെടുത്തി. 1804-ൽ അദ്ദേഹം ഫ്രാൻസിന്റെ ചക്രവർത്തിയായി സ്വയം പ്രഖ്യാപിച്ചു. ഫ്രാൻസിന്റെ നേതൃത്വത്തിൽ ഒരു ഏകീകൃത യൂറോപ്പ് രൂപീകരിക്കുന്നതിനായി 1799-നും 1815-നും ഇടയിൽ യൂറോപ്പിനെയാകെ വിറപ്പിച്ച ധാരാളം യുദ്ധങ്ങൾ നെപ്പോളിയൻ നടത്തി. സ്പെയിൻ, റഷ്യ, റൈൻ പ്രദേശം, കോർസിക്ക, പോളണ്ട്, നേപ്പിൾസ് തുടങ്ങിയ രാജ്യങ്ങളിൽ അദ്ദേഹം ആധിപത്യം സ്ഥാപിച്ചു.

ബ്രിട്ടനെ സാമ്പത്തികമായി കീഴടക്കിയാൽ യൂറോപ്പിന്റെ മേൽ ആധിപത്യം നേടാം എന്ന് മനസ്സിലാക്കിയ അദ്ദേഹം ബ്രിട്ടനെതിരെ കോണ്ടിനെന്റൽ വ്യവസ്ഥ നടപ്പിലാക്കി. ബർലിൻ ശാസനങ്ങൾ എന്ന പേരിൽ ഈ സാമ്പത്തിക ഉപരോധങ്ങൾ 1806 ലാണ്



നെപ്പോളിയൻ ബോണപ്പാർട്ട്



ലോകത്തെ വെട്ടിമുറിച്ച് യുറോപ്പിനെ നെപ്പോളിയനും സമുദ്രങ്ങളെ ബ്രിട്ടീഷ് പ്രധാനമന്ത്രി വില്യം പിറ്റും കൈയടക്കുന്നതിന്റെ കാർട്ടൂൺ ചിത്രം

അദ്ദേഹം ഔപചാരികമായി പ്രഖ്യാപിച്ചത്. സാമ്പത്തിക രംഗത്ത് ബ്രിട്ടനെതിരായി യൂറോപ്പിലെ മറ്റു രാഷ്ട്രങ്ങളെ അണിനിരത്തുക എന്നതായിരുന്നു ഇതിലൂടെ അദ്ദേഹം ലക്ഷ്യമിട്ടത്. എന്നാൽ യൂറോപ്പിനെ മുഴുവൻ അധീനതയിലാക്കാൻ നെപ്പോളിയന് കഴിയാതിരുന്നതിനാൽ ഇത് പരാജയപ്പെട്ടു. ലോകത്തിന്റെ സമുദ്രാധിപത്യം കൈയ്യടക്കിയിരുന്ന ഇംഗ്ലണ്ട് 'ഓർഡേഴ്സ് ഇൻ കൗൺസിൽ' എന്ന പ്രഖ്യാപനത്തിലൂടെ ഫ്രാൻസിനെ ഉപരോധിച്ചു.

ഫ്രാൻസിൽ ദേശീയഐക്യം ഉണ്ടാക്കാൻ നെപ്പോളിയന്റെ നയങ്ങൾക്ക് കഴിഞ്ഞു. പ്രഭുക്കന്മാരോടും പുരോഹിതന്മാരോടുമൊപ്പം സമൂഹത്തിൽ ഇടപെടാൻ മധ്യവർഗ്ഗത്തിനും അവസരം ലഭിച്ചു. കത്തോലിക്കാസഭയെ സർക്കാർ നിയന്ത്രണത്തി






ഭൂപടത്തിൽ നെപ്പോളിയൻ കീഴടക്കിയ പ്രദേശങ്ങൾ കണ്ടെത്തുക. യൂറോപ്പ് കീഴടക്കുക എന്ന തന്റെ ലക്ഷ്യം പ്രാവർത്തികമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞോ എന്ന് പരിശോധിക്കുക.

ലാക്കി. കർഷകരെ ഫ്യൂഡൽ പ്രഭുക്കന്മാരുടെ പിടിയിൽ നിന്നും മോചിപ്പിച്ച് കൃഷിഭൂമിയുടെ ഉടമകളാക്കി. ഫ്രാൻസിന്റെ സാമ്പത്തികഭദ്രതയ്ക്കായി ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു. പൊതുവിദ്യാഭ്യാസം രാഷ്ട്രത്തിന്റെ കടമയാക്കി മാറ്റി. ഫ്രാൻസ് ഈ കാലഘട്ടത്തിൽ ഗതാഗതരംഗത്ത് ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഫ്രാൻസിൽ നിലവിലുണ്ടായിരുന്ന നിയമങ്ങൾ ക്രോഡീകരിച്ച് നെപ്പോളിയൻ തയ്യാറാക്കിയ നിയമസംഹിതയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും മഹത്തായ സംഭാവന. ഫ്യൂഡൽ ഭരണരീതിയിൽ നിന്ന് റിപ്പബ്ലിക്കൻ ഭരണരീതിയിലേക്കുള്ള മാറ്റം നെപ്പോളിയൻ കൊണ്ടുവന്നു.

നെപ്പോളിയന്റെ മുന്നേറ്റം യൂറോപ്യൻ രാജ്യങ്ങളിൽ നിലനിന്നിരുന്ന രാജവാഴ്ച്ചകളെ ഭയപ്പെടുത്തി. അധികാരം നഷ്ടപ്പെടുമെന്ന് ഭയന്ന രാജാക്കന്മാർ ബ്രിട്ടന്റെ നേതൃത്വത്തിൽ നെപ്പോളിയനെതിരെ ഒന്നിച്ചു. 1815-ൽ വാട്ടർലൂ എന്ന സ്ഥലത്ത് നടന്ന യുദ്ധത്തിൽ അദ്ദേഹം ബ്രിട്ടന്റെ നേതൃത്വത്തിലുള്ള സഖ്യശക്തികൾക്ക് കീഴടങ്ങി.

### വിയന്ന സമ്മേളനം


നെപ്പോളിയന്റെ പരാജയം രാജവാഴ്ച്ചയുടേയും പ്രഭുവർഗ്ഗത്തിന്റേയും വിജയമായി മാറി. നെപ്പോളിയൻ മാറ്റിമറിച്ച യൂറോപ്പിന്റെ രാഷ്ട്രീയഭൂപടത്തെ പൂർവ്വസ്ഥിതിയിലേക്ക് മടക്കിക്കൊണ്ടുവരാൻ 1815-ൽ വിയന്നയിൽ ചേർന്ന സമ്മേളനം തീരുമാനമെടുത്തു. ആസ്ട്രിയൻ ചാൻസലറായിരുന്ന മെറ്റേർണിക്ക് നേതൃത്വം നൽകിയ ഈ സമ്മേളനം യൂറോപ്പിന്റെ ദേശീയതയേയും ജനാധിപത്യത്തേയും നിഷേധിക്കുകയും ഫ്രഞ്ച് വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങളെ നിരാകരിക്കുകയും ചെയ്തു. ഫ്രഞ്ച് വിപ്ലവത്തിനുശേഷം ഫ്രാൻസിനെതിരെ ഒറ്റക്കെട്ടായി നിന്ന യൂറോപ്യൻ രാഷ്ട്രങ്ങൾ വിയന്ന സമ്മേളനത്തിനുശേഷം ഭിന്നിക്കാൻ തുടങ്ങി.

> **മെറ്റേർണിക്ക് വ്യവസ്ഥ**
>
> *ന്യായദീക്ഷ (legitimacy), പുനഃസ്ഥാപനം (restoration), നഷ്ടപരിഹാരം (compensation) എന്നിവയായിരുന്നു മെറ്റേർണിക്ക് തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനതത്ത്വങ്ങൾ. നെപ്പോളിയന്റെ ആക്രമണങ്ങളിൽ രാജ്യഭരണം നഷ്ടപ്പെട്ട ഭരണാധികാരികളെ പുനഃസ്ഥാപിക്കാനും നെപ്പോളിയന്റെ പതനത്തിനായി പ്രയത്നിച്ചവർക്ക് പ്രതിഫലം നൽകാനും നെപ്പോളിയനെ സഹായിച്ചവരുടെ രാജ്യങ്ങൾ പങ്കിട്ടെടുക്കാനും ഈ സമ്മേളനം തീരുമാനിച്ചു. ഫ്രാൻസല്ല, നെപ്പോളിയനാണ് എല്ലാ യുദ്ധങ്ങൾക്കും കാരണക്കാരൻ എന്ന് വാദിച്ച താലേറാ (Talleyrand) എന്ന ഫ്രഞ്ച് നയതന്ത്രജ്ഞൻ ഫ്രാൻസിനെ വിഭജനശിക്ഷയിൽ നിന്നും രക്ഷിച്ചു.*

### വ്യവസായവിപ്ലവം

ശാസ്ത്രരംഗത്ത് മനുഷ്യൻ കൈവരിച്ച നേട്ടങ്ങൾ നമ്മൾ ചർച്ച ചെയ്തല്ലോ. ശാസ്ത്രത്തിന്റേയും യന്ത്രങ്ങളുടേയും സഹായത്തോടെ മനുഷ്യൻ തന്റെ ചുറ്റുപാടുകളെ നിയന്ത്രിക്കാൻ തുടങ്ങിയത് സാമ്പത്തികസാമൂഹ്യമേഖലകളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ സൃഷ്ടിച്ചു. ഇംഗ്ലണ്ടിൽ 18-ാം നൂറ്റാണ്ട് മുതൽ ആരംഭിച്ച സമൂലമായ ഈ പരിവർത്തനത്തെയാണ് വ്യവസായവിപ്ലവം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. മനുഷ്യാധ്വാനത്തിന്റെ സ്ഥാനത്ത് യന്ത്രോപകരണങ്ങൾ സ്ഥാനം നേടിയതായിരുന്നു ഇതിന്റെ പ്രധാന സവിശേഷത. ഇതിന്റെ വിശദാംശങ്ങൾ മുൻക്ലാസുകളിൽ ചർച്ചചെയ്തതാണല്ലോ.

ഇംഗ്ലണ്ടിലാണ് ആരംഭിച്ചതെങ്കിലും വ്യവസായവിപ്ലവത്തിന്റെ സ്വാധീനം ആഗോളവ്യാപകമായിരുന്നു. ഫാക്ടറി സമ്പ്രദായത്തിന്റെ ആവിർഭാവമായിരുന്നു ഇതിന്റെ പ്രധാനഫലങ്ങളിലൊന്ന്. വ്യവസായരംഗത്തെ കുതിച്ചുചാട്ടം, യന്ത്രങ്ങൾ, ഗതാഗതം എന്നീ മേഖലകളിൽ വൻതോതിലുള്ള മൂലധനനിക്ഷേപം അനിവാര്യമാക്കി. ഇത് ബാങ്കുകളുടേയും മൂലധനത്തിന്റെ കൂട്ടുസംരംഭമായ ജോയിന്റ് സ്റ്റോക്ക് കമ്പനികളുടേയും ആവിർഭാവത്തിനിടയാക്കി. മൂലധനനിക്ഷേപരംഗത്തെ ഓഹരികളുടെ പങ്കാളിത്തം വ്യക്തികൾക്കുണ്ടാകുന്ന നഷ്ടത്തിന്റെ സാധ്യതയെ ലഘൂകരിച്ചു. മധ്യകാലത്തെ ഗിൽഡ് സമ്പ്രദായത്തെ നിങ്ങൾക്ക് പരിചയമുണ്ടല്ലോ. അതിൽനിന്ന് ഫാക്ടറി സമ്പ്രദായത്തിലേക്കുള്ള വ്യവസായരംഗത്തെ മാറ്റം മൂലധനത്തിന്റെ ഉടമയായ മുതലാളിയും അദ്ധ്വാനിക്കുന്ന തൊഴിലാളിയും തമ്മിലുള്ള ബന്ധത്തിൽ മാറ്റങ്ങളുണ്ടാക്കി. മുതലാളിമാർ തങ്ങളുടെ ലാഭം വർദ്ധിപ്പിക്കാനായി തൊഴിലാളികൾക്ക് കുറഞ്ഞ വേതനം നൽകുകയും അവരെ കൂടുതൽ സമയം പണിയെടുപ്പിക്കുകയും ചെയ്തു.



ഫാക്ടറി സമ്പ്രദായത്തിലേക്ക് മാറിയ ഒരു തുണിമിൽ



ചാൾസ് ഡിക്കൻസിന്റെ 'ഒലിവർ ട്വിസ്റ്റ്', 'ഡേവിഡ് കോപ്പർഫീൽഡ്' എന്നീ നോവലുകളിൽ വ്യാവസായികവിപ്ലവാനന്തരസമൂഹത്തിലെ തൊഴിലാളികളും കുട്ടികളും അനുഭവിക്കുന്ന കഷ്ടപ്പാടുകൾ തന്മയത്വത്തോടെ വിവരിക്കുന്നുണ്ട്. ഈ ഗ്രന്ഥങ്ങളുടേയും മുൻക്ലാസുകളിൽ രൂപപ്പെട്ട ധാരണകളുടേയും അടിസ്ഥാനത്തിൽ വ്യാവസായിക വിപ്ലവാനന്തരം ഇംഗ്ലണ്ടിലെ നഗരങ്ങളിലും ഫാക്ടറികളിലും ഖനികളിലും തൊഴിലാളികളും സ്ത്രീകളും കുട്ടികളും നേരിടേണ്ടിവന്ന ചൂഷണത്തെ വിലയിരുത്തുക.

ഇംഗ്ലണ്ടിൽ വ്യവസായവിപ്ലവത്തിന്റെ ഫലമായി ഉയർന്നുവന്ന പുതിയ മുതലാളിവർഗ്ഗം സമൂഹത്തിലും രാഷ്ട്രീയത്തിലും പ്രഭുവർഗ്ഗത്തിന് തുല്യമായ സ്ഥാനം ആവശ്യപ്പെട്ടു. എന്നാൽ ഈ ആവശ്യത്തെ പ്രഭുക്കന്മാർ എതിർത്തു. പ്രഭുക്കന്മാരുടേയും രാജാവിന്റേയും എതിർപ്പിനെ മറികടന്ന് 1832-ൽ ഇംഗ്ലീഷ് പാർലമെന്റ് പരിഷ്ക്കരണ നിയമം (Reform Act) പാസ്സാക്കി. ഈ നിയമപ്രകാരം ഇംഗ്ലണ്ടിലെ മുതലാളിമാർക്ക് വോട്ടവകാശം ലഭിച്ചു. തത്ഫലമായി ഇംഗ്ലണ്ടിലെ ഓരോ പ്രദേശത്തും നിലനിന്നിരുന്ന കുടുംബവാഴ്ച്ച അവസാനിച്ചു. ഇംഗ്ലീഷ് പാർലമെന്റിലെ പ്രഭുസഭ (House of Lords) യ്ക്ക് മേൽ സാധാരണക്കാരുടെ സഭ(House of Commons) നേടിയ വിജയം കൂടിയായിരുന്നു ഇത്. എന്നാൽ ഈ നിയമം തൊഴിലാളികൾക്ക് വോട്ടവകാശം നൽകിയില്ല. തുടർന്ന് തൊഴിലാളികൾക്ക് വോട്ടവകാശം നേടുന്നതിനായി ഇംഗ്ലണ്ടിൽ നിലവിൽവന്ന പ്രസ്ഥാനമാണ് ചാർട്ടിസ്റ്റ് പ്രസ്ഥാനം. ശക്തമായ പ്രക്ഷോഭങ്ങളും സമരങ്ങളും നടത്തിക്കൊണ്ട് ചാർട്ടിസ്റ്റ് പ്രസ്ഥാനം തങ്ങളുടെ ആവശ്യങ്ങൾ നേടിയെടുത്തത് മുൻക്ലാസുകളിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.

മുതലാളിമാരുടെ താത്പര്യങ്ങൾക്കനുസരിച്ച് വ്യവസായങ്ങളിൽ സർക്കാർ ഇടപെടാതിരിക്കുക എന്ന നയമാണ് ലെസേ-ഫെയർ സിദ്ധാന്തം (Laissez-Faire). ഇതാണ് ബ്രിട്ടീഷ് ഗവൺമെന്റ് സ്വീകരിച്ചിരുന്നത്. മുതലാളിമാരുടെ വിവിധ ചൂഷണങ്ങൾക്കും സ്വന്തം ജീവിതദുരിതങ്ങൾക്കുമെതിരായ പ്രതിഷേധവും തൊഴിലാളികളിൽ ഐക്യബോധം ഉണ്ടാക്കി. അത് തൊഴിലാളി പ്രസ്ഥാനങ്ങൾക്കും തൊഴിൽ നിയമങ്ങൾക്കും കാരണമായി. തത്ഫലമായി 'ഇടപെടാതിരിക്കൽ നയം' ഉപേക്ഷിച്ച് ഫാക്ടറികളിലെ സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി സർക്കാരിന് ഫാക്ടറി നിയമങ്ങൾ പാസ്സാക്കേണ്ടി വന്നു. ഈ നിയമങ്ങൾ അനേകം മാറ്റങ്ങൾക്ക് കാരണമായി.


- ഫാക്ടറികൾ സന്ദർശിക്കാനും പരിശോധിക്കാനും ഉദ്യോഗസ്ഥരെ നിയമിച്ചു.
- ഒൻപത് വയസിൽ താഴെയുള്ള കുട്ടികളെ ഫാക്ടറികളിൽ പണിയെടുപ്പിക്കുന്നത് നിരോധിച്ചു.
- സ്ത്രീകളുടെ പ്രവൃത്തിസമയം പത്ത് മണിക്കൂറാക്കി കുറച്ചു.



വ്യവസായവിപ്ലവത്തിന്റെ ഭാഗമായി തൊഴിലിടങ്ങളിൽ ഉയർന്നുവന്ന വിവിധതരം ചൂഷണങ്ങൾ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന്റെ ഉദയത്തിന് കാരണമായി. ഈ പ്രസ്താവന വിശകലനം ചെയ്യുക

## മുതലാളിത്തത്തിന്റെ സിദ്ധാന്തങ്ങൾ

വ്യാവസായികവിപ്ലവാനന്തരം വ്യവസായികൾക്കനുകൂലമായ ചില സാമ്പത്തികസിദ്ധാന്തങ്ങൾ രൂപംകൊണ്ടു. ഇവ പിൽക്കാലത്ത് രാഷ്ട്രീയ സിദ്ധാന്തങ്ങളെ സ്വാധീനിച്ചു. സാമ്പത്തിക ശാസ്ത്രജ്ഞന്മാരായ ആഡം സ്മിത്ത്, തോമസ് മാൽത്തൂസ്, ഡേവിഡ് റിക്കാർഡോ, എന്നിവർ രൂപം നൽകിയ സ്വതന്ത്ര സാമ്പത്തികസിദ്ധാന്തങ്ങളനുസരിച്ച് സമ്പത്ത് കൈവശമുള്ളവർക്ക് അത് എങ്ങനെ ചെലവാക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശവും ഉണ്ട്.



ആഡം സ്മിത്ത്

സാമ്പത്തികപ്രവർത്തനങ്ങളിൽ ഗവൺമെന്റ് ഇടപെടുന്നതിനെ അവർ ശക്തമായി വിമർശിച്ചു. അവരെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ ചുമതല ക്രമസമാധാനപാലനം, സ്വകാര്യസ്വത്തിന്റെ സംരക്ഷണം എന്നിവ മാത്രമായിരുന്നു. തൊഴിലാളികളുടെ സേവനവേതനവ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിൽ കൂട്ടായ വിലപേശലോ ബാഹ്യശക്തികളുടെ ഇടപെടലോ പാടില്ല എന്ന് അവർ വാദിച്ചു. ഈ കാലഘട്ടത്തിൽ ഉയർന്നുവന്ന രാഷ്ട്രീയസിദ്ധാന്തമായിരുന്നു പ്രയോജനാവാദം (Utilitarianism). ജെറമൈ ബെൻതാം (Jeremay Bentham) ആയിരുന്നു ഇതിന്റെ പ്രധാന വക്താവ്. രാജ്യത്തിന്റെ താത്പര്യത്തിനുപരിയായി വ്യക്തിപരമായ നേട്ടങ്ങൾക്കാണ് ഈ വാദം പ്രാധാന്യം നൽകിയത്. വാണിജ്യവ്യവസായികരംഗങ്ങളിൽ ഗവൺമെന്റിന്റെ ഇടപെടലിനെ എതിർത്തിരുന്ന യൂട്ടിലിറ്റേറിയൻ ചിന്തകന്മാർ പൊതുവെ പിന്തുണച്ചത് ജനാധിപത്യക്രമത്തെയാണ്.




വ്യവസായവിപ്ലവാനന്തരം രൂപംകൊണ്ട സാമ്പത്തികരാഷ്ട്രീയസിദ്ധാന്തങ്ങൾ മുതലാളിത്ത വ്യവസ്ഥയെ പോഷിപ്പിക്കാൻ പ്രേരകമായി-ഈ പ്രസ്താവന വിശകലനം ചെയ്യുക.

## സോഷ്യലിസത്തിന്റെ വരവ്

മുതലാളിത്തസമ്പ്രദായത്തിന്റെ ചൂഷണങ്ങൾക്കെതിരായി ഉയർന്നുവന്ന ആശയമാണ് സോഷ്യലിസം. ഉത്പാദനവും വിതരണവും പൊതുഉടമയിലും നിയന്ത്രണത്തിലും കൊണ്ടുവരുന്ന സാമൂഹ്യവ്യവസ്ഥയാണ് ഇതിന്റെ ലക്ഷ്യം. റോബർട്ട് ഓവൻ (Robert Owen), ചാൾസ് ഫൂറിയർ (Charles Fourier), സെന്റ് സൈമൺ (Saint Saimon) എന്നിവരായിരുന്നു സോഷ്യലിസ്റ്റ് മാതൃകയുടെ ആദ്യകാല വക്താക്കൾ. ഓരോരുത്തരും അവരവരുടെ ജോലി ചെയ്യുകയും അതിന്റെ ഫലമായുണ്ടാകുന്ന കൂട്ടുൽപ്പാദനം പങ്കിടുകയും ചെയ്യുന്ന സഹകരണസംഘങ്ങൾ വഴിയുള്ള ഒരു സാമൂഹ്യസംവിധാനമായിരുന്നു അവർ വിഭാവനം ചെയ്തത്. ആദർശവാദത്തിനപ്പുറം പ്രായോഗികതയും ശാസ്ത്രീയ കാഴ്ചപ്പാടും ഇല്ലാതിരുന്നതിനാൽ ഇത് ഉട്ടോപ്പിയൻ സോഷ്യലിസം എന്നറിയപ്പെട്ടു. ഉത്പാദനവും വിതരണവും ഗവൺമെന്റിന്റെ നിയന്ത്രണത്തിലായിരിക്കണമെന്നും സാധനങ്ങൾ ഉത്പാദിപ്പിക്കുവാൻ ഗവൺമെന്റ് സ്റ്റേറ്റ് വർക്ക്ഷോപ്പുകൾ നടത്തണമെന്നും തൊഴിലാളികൾക്ക് തുല്യനിലയിൽ വേതനവും ലാഭത്തിൽ ഒരു പങ്കും നൽകണമെന്നും ലൂയി ബ്ലാങ്കിന്റെ (Louis Blanc) നേതൃത്വത്തിലുള്ള സ്റ്റേറ്റ് സോഷ്യലിസം എന്ന പ്രസ്ഥാനം ആവശ്യപ്പെട്ടു. ഇത് കൂട്ടുടമസമ്പ്രദായം (Collectivism) എന്നും അറിയപ്പെട്ടു. പ്രൂധോൻ (Proudhon) നേതൃത്വം നൽകിയിരുന്ന സിൻഡിക്കലിസം സോഷ്യലിസത്തിന്റെ മറ്റൊരു രൂപമായിരുന്നു. ഫാക്ടറികളെ നിയന്ത്രിക്കുന്നതിന് തൊഴിലാളികളുടേയും ഉപഭോക്താക്കളുടേയും സംയുക്ത കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സിൻഡിക്കലിസ്റ്റുകൾ അഭിപ്രായപ്പെട്ടു. സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഒരു സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കണമെന്നാണ് ബർണാഡ് ഷായുടെ നേതൃത്വത്തിലുള്ള ഫാബിയൻ സോഷ്യലിസ്റ്റുകൾ അഭിപ്രായപ്പെട്ടത്.


റോബർട്ട് ഓവൻ



ബർണാഡ് ഷാ



മുതലാളിത്തവ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായി സോഷ്യലിസത്തിന്റെ വക്താക്കൾ മുന്നോട്ടുവെച്ച പ്രവർത്തനപദ്ധതിയുടെ സവിശേഷതകൾ എന്ത്? ഉട്ടോപ്പിയൻ സോഷ്യലിസം എന്ന പേരിന്റെ യുക്തി ചർച്ച ചെയ്യുക.

## ശാസ്ത്രീയ സോഷ്യലിസം

സോഷ്യലിസ്റ്റ് ആശയങ്ങളെ ശാസ്ത്രീയമായ ഒരു ദർശനമായും പുരോഗതിക്കുള്ള പ്രായോഗികപരിപാടിയായും വികസിപ്പിച്ചത് കാറൽ മാർക്സായിരുന്നു (Karl Marx). അദ്ദേഹത്തിന്റെ ആശയങ്ങൾ ശാസ്ത്രീയസോഷ്യലിസം എന്നറിയപ്പെടുന്നു. 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ', 'മൂലധനം', 'മിച്ചമൂല്യ സിദ്ധാന്തം' എന്നീ ഗ്രന്ഥങ്ങളിലൂടെ മാർക്സും ഏംഗൽസും ശാസ്ത്രീയസോഷ്യലിസത്തിന്റെ ആശയങ്ങൾ അവതരിപ്പിച്ചു. മനുഷ്യജീവിതത്തിലെ സാമൂഹികവും രാഷ്ട്രീയവും ബുദ്ധിപരവുമായ എല്ലാ പ്രക്രിയകളേയും നിർണ്ണയിക്കുന്നത് ആ സമൂഹത്തിൽ നിലനിൽക്കുന്ന ഉത്പാദന രീതിയാണെന്നും തൊഴിലാളികൾ സൃഷ്ടിക്കുന്ന മിച്ചമൂല്യം ചൂഷണം ചെയ്ത് മുതലാളിമാർ കൈക്കലാക്കുന്നുവെന്നും മാർക്സ് അഭിപ്രായപ്പെട്ടു. ലോകത്തെ വ്യാഖ്യാനിക്കുന്നതിനേക്കാൾ പ്രധാനം അതിനെ മാറ്റിമറിക്കലാണ് എന്ന് മാർക്സ് ആഹ്വാനം ചെയ്തു.


കാറൽ മാർക്സ്

## കാർഷികവിപ്ലവം

ശാസ്ത്രം കൈവരിച്ച നേട്ടങ്ങൾ വ്യാവസായിക രംഗത്തെന്നപോലെ കാർഷികരംഗത്തും സമൂലമായ മാറ്റങ്ങൾ സൃഷ്ടിച്ചു. ഇംഗ്ലണ്ടിൽ 18-ാം നൂറ്റാണ്ടിൽ വ്യവസായരംഗത്തുണ്ടായ പുരോഗതിയും ജനസംഖ്യയിലുണ്ടായ വർദ്ധനവും കാർഷികോത്പന്നങ്ങളുടെ ആവശ്യം വർദ്ധിപ്പിച്ചു. പഴയ കൃഷിരീതികളും ഉപകരണങ്ങളും കാലഹരണപ്പെട്ടതിനെ തുടർന്ന് കാർഷികരംഗത്ത് യന്ത്രോപകരണങ്ങൾ പ്രയോഗിക്കാൻ തുടങ്ങി. ഇംഗ്ലണ്ടിലെ കർഷകർ ആദ്യകാലങ്ങളിൽ തുണ്ടുഭൂമികളിലാണ് കൃഷി ചെയ്തിരുന്നത്. കൃഷിഭൂമിയിൽ രണ്ടു വർഷം കൃഷി ചെയ്ത് മൂന്നാം വർഷം തരിശിടും. അല്ലെങ്കിൽ കൃഷിയിടത്തിന്റെ മൂന്നിലൊരു ഭാഗം എല്ലാവർഷവും മാറിമാറി തരിശിടും. 'തുറന്ന വയൽ വ്യവസ്ഥ' (Open Field System) എന്നറിയപ്പെട്ടിരുന്ന ഈ രീതി കർഷകർക്ക് സാമ്പത്തിക നേട്ടം നൽകിയില്ല. എന്നാൽ തരിശിടുന്ന സമയത്ത് മുള്ളങ്കി (Turnip) പോലുള്ള കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്താൽ ഭൂമിയുടെ ഫലപുഷ്ടി വർദ്ധിക്കുമെന്ന് മനസ്സിലാക്കിയ ടൗൺഷെൻഡ് പ്രഭു ഒരു 'ചതുർവർഷ കൃഷി പദ്ധതി' (Four year rotation of crops) ആവിഷ്ക്കരിച്ചു.

ഒരു കൃഷിയിടത്തിൽ ഗോതമ്പ്, ബാർലി, മുള്ളങ്കി, കാലിത്തീറ്റപയർ (Clover) എന്നിവ വർഷംതോറും മാറിമാറി കൃഷിചെയ്താൽ ഭൂമിയുടെ ഫലപുഷ്ടി വർദ്ധിക്കുന്നതോടൊപ്പം കന്നുകാലികൾക്ക് വേണ്ടത്ര ഭക്ഷണവും ലഭിക്കുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പിൽക്കാലത്ത് രാസവളങ്ങളുടേയും കീടനാശിനികളുടേയും പ്രയോഗം കാർഷികോത്പാദനത്തിൽ വർദ്ധനവുണ്ടാക്കി. കൃഷിരീതികളിൽ വന്ന മാറ്റം മൃഗപരിപാലന രംഗത്തും മാറ്റങ്ങൾ വരുത്തി. സങ്കരഇനം കന്നുകാലികളെ വളർത്തി വർദ്ധിച്ച അളവിൽ പാലും മാംസവും ലഭ്യമാക്കി.

തുണ്ടുഭൂമികളിൽ കൃഷി ചെയ്തിരുന്ന കർഷകർക്ക് പുതിയ കൃഷിരീതികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല. എന്നാൽ കൃഷിയെ ലാഭേച്ഛയോടെ കണ്ട സമ്പന്നർ വൻതോതിൽ തുണ്ടുഭൂമികൾ വാങ്ങി. ഇംഗ്ലീഷ് പാർലമെന്റിലെ തങ്ങളുടെ സ്വാധീനമുപയോഗിച്ച് ഇവർ നിരവധി വളച്ചുകെട്ടൽ നിയമങ്ങൾ (Enclosure Laws) പാസ്സാക്കി. അതിൻ പ്രകാരം തുറന്ന കൃഷിയിടങ്ങളും തരിശുഭൂമികളും വേലികെട്ടി വളച്ച് അവയെ ശാസ്ത്രീയ കൃഷി രീതികൾക്കനുയോജ്യമായ വൻ കൃഷിയിടങ്ങളാക്കി മാറ്റി. വളച്ചുകെട്ടൽ പ്രസ്ഥാനം (Enclosure Movement) എന്നറിയപ്പെട്ട ഈ സമ്പ്രദായം വഴി കർഷകർ കൃഷിഭൂമിയിൽ നിന്ന് പുറത്താവുകയും സമ്പന്നരായ ഒരു ഭൂവുടമവർഗ്ഗം ഇംഗ്ലണ്ടിൽ രൂപം കൊള്ളുകയും ചെയ്തു.



ചാൾസ് ടൗൺഷെൻഡ്

കാർഷികവ്യാവസായികരംഗങ്ങളിലുണ്ടായ പുരോഗതി ഉത്പാദനം വർദ്ധിപ്പിച്ചു. ഇത് മിച്ചോത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള കമ്പോളങ്ങളും ഫാക്ടറികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ കേന്ദ്രങ്ങളും തേടിയുള്ള അന്വേഷണത്തെ തീവ്രമാക്കി. ഈ അന്വേഷണം കോളനീകരണത്തെയും സാമ്രാജ്യത്വവികസനത്തേയും ത്വരിതപ്പെടുത്തി.



ഇംഗ്ലണ്ടിലെ വ്യവസായവിപ്ലവവും കാർഷികവിപ്ലവവുമായിരുന്നു ഇന്ത്യയെ ബ്രിട്ടന്റെ കോളനിയാക്കി മാറ്റുന്നതിന് ഇടയാക്കിയത്. ഈ പ്രസ്താവന ശരിയാണോ? പരിശോധിക്കുക.

## പ്രവർത്തനങ്ങൾ



- ഇംഗ്ലണ്ടിന്റെ വാണിജ്യപുരോഗതി അവിടത്തെ ഭരണഘടനാപ്രതിസന്ധിക്ക് കാരണമായോ? എന്തുകൊണ്ട്?
- ഫ്രാൻസിൽ നിലനിന്നിരുന്ന മൂന്ന് എസ്റ്റേറ്റുകളിൽ സാമൂഹ്യമാറ്റത്തിന് നേതൃത്വം നൽകിയത് മൂന്നാമത്തെ എസ്റ്റേറ്റാണ്. എന്തുകൊണ്ടായിരിക്കാം ഇത്?
- ഫ്രാൻസിലെ മധ്യവർഗ്ഗത്തിന്റെ വളർച്ച കാണിക്കുന്ന ഒരു ഫ്ളോചാർട്ട് തയ്യാറാക്കുക.
- അനേകം അക്രമങ്ങൾ ഉണ്ടായിട്ടും ബാസ്തീയ് കോട്ടയുടെ പതനം ഫ്രഞ്ച് ജനത ദേശീയദിനമായി ആചരിക്കുന്നതെന്തുകൊണ്ട്?
- "ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിലാകെ ജലദോഷം പിടിപെടും."(When France Sneezes all Europe catches a cold) മെറ്റേർണിക്കിന്റെ ഈ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഫ്രഞ്ച് വിപ്ലവം യൂറോപ്പിനെ എങ്ങനെയാണ് സ്വാധീനിച്ചതെന്ന് വിശകലനം ചെയ്യുക.
- നെപ്പോളിയന്റെ ഭരണപരിഷ്ക്കാരങ്ങളെ ഫ്രഞ്ച് വിപ്ലവാശയങ്ങൾ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്? ചർച്ച ചെയ്യുക.
- ലോകസാമ്പത്തികമേധാവിത്വം നേടിയെടുക്കുന്നതിനുള്ള നെപ്പോളിയന്റെ പരിശ്രമങ്ങളുടെ പരാജയവും ഇംഗ്ലണ്ടിന്റെ വിജയവുമായിരുന്നു വാട്ടർലൂ-ഈ പ്രസ്താവന പരിശോധിക്കുക.
- വാണിജ്യരംഗം, സൈനികശക്തി, ഭരണരംഗം എന്നിവയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ വ്യവസായവിപ്ലവം ഇംഗ്ലണ്ടിനെ എത്രമാത്രം സഹായിച്ചിട്ടുണ്ട്?
- ശാസ്ത്രീയ സോഷ്യലിസം ആദ്യകാല സോഷ്യലിസ്റ്റ് ആശയങ്ങളിൽ നിന്നും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു? ചർച്ച ചെയ്യുക.
- വ്യവസായരംഗത്ത് മാത്രമല്ല കാർഷികരംഗത്തും സാമ്പത്തികചൂഷണം നിലനിന്നു. എങ്ങനെയായിരിക്കാം കർഷകർ ചൂഷണങ്ങൾക്ക് വിധേയമായത്?
- കാർഷികവിപ്ലവം ഫ്രഞ്ച് വിപ്ലവംപോലെ നേരിട്ട് സമൂഹത്തിലെ അസമത്വത്തെ പ്രതിനിധീകരിക്കുന്ന വിപ്ലവമല്ല. എന്നാൽ സാമൂഹ്യ ജീവിതത്തിൽ ഒട്ടേറെ മാറ്റങ്ങൾക്ക് പ്രേരകശക്തിയായ വിപ്ലവമാണിത്. ഈ പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
- നിലവിലുള്ള വ്യവസ്ഥയെ പാടെ മാറ്റിമറിച്ച് പുതിയൊരു വ്യവസ്ഥ സ്ഥാപിക്കുന്നതാണ് വിപ്ലവം. ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ താഴെ പറയുന്ന വിപ്ലവങ്ങളെ പരിശോധിക്കു.
  - രക്തരഹിതവിപ്ലവം
  - ഫ്രഞ്ച് വിപ്ലവം
  - വ്യവസായവിപ്ലവം
  - കാർഷികവിപ്ലവം